**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3578** **02-03-2023 - ൽ മറുപടിയ്ക്ക്**

**കീം എൻട്രൻസിന് അപേക്ഷിക്കുമ്പോൾ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നത് ഒഴിവാക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മഞ്ഞളാംകുഴി അലി** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കീം എൻട്രൻസിന് അപേക്ഷ സമർപ്പിക്കുമ്പോൾ തന്നെ സർട്ടിഫിക്കറ്റുകൾ അപ് ലോഡ് ചെയ്യണമെന്ന എൻട്രൻസ് കമ്മീഷണറുടെ നിർദ്ദേശം മൂലം അക്ഷയ കേന്ദ്രങ്ങളിലും വില്ലേജ് ഓഫീസുകളിലും അനിയന്ത്രിതമായ തിരക്ക് ഉണ്ടാവുകയും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും വില്ലേജ് ഓഫീസർമാർക്കും ബുദ്ധിമുട്ടുകളുണ്ടാകുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കീം ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നതിന് മുൻപായി ആവശ്യമായ സർട്ടിഫിക്കറ്റുകൾ മുൻകൂറായി വാങ്ങിവക്കുന്നതിന് എല്ലാ വർഷവും പ്രവേശന പരീക്ഷാ കമ്മീഷണർ വിജ്ഞാപനം പുറപ്പെടുവിക്കാറുണ്ട്. കീം ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനും തിരുത്തൽ വരുത്തുന്നതിനുമായി ഏകദേശം ഒരു മാസം സമയം വിദ്യാർത്ഥികൾക്ക് ലഭിക്കാറുണ്ട്. സർട്ടിഫിക്കറ്റുകൾ അപ് ലോഡ് ചെയ്യണമെന്ന നിർദ്ദേശം കാരണം വില്ലേജ് ഓഫീസുകളിൽ തിരക്കുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | മുൻവർഷങ്ങളിൽ ഇതിനെതിരെ പ്രതിഷേധം ഉണ്ടാകുകയും റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നവർ മാത്രം സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതി എന്ന തീരുമാനം ഉണ്ടാവുകയും ചെയ്തിരുന്നുവെങ്കിലും പ്രോസ്പെക്ടസ് പ്രസിദ്ധീകരിക്കുമ്പോൾ ഭേദഗതികൾ വരുത്താതിരിക്കുന്നത് കാരണം ഈ ബുദ്ധിമുട്ടുകൾ ആവർത്തിക്കാനിടയാക്കുന്നത് ആരുടെ വീഴ്ചമൂലമാണെന്ന് വ്യക്തമാക്കാമോ; | (ബി) | റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നവർ മാത്രം സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയാൽ മതി എന്ന തീരുമാനം ഉണ്ടായിട്ടില്ല. |
| (സി) | റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നവർ മാത്രം സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതി എന്ന തീരുമാനം നടപ്പിലാക്കുന്ന കാര്യം ഉറപ്പുവരുത്തുമോ; വ്യക്തമാക്കുമോ? | (സി) | റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നവർ മാത്രം സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയാൽ മതി എന്ന തീരുമാനം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ